# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 13 | 2019 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com


### മകരവിളക്കിന് സന്നിധാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി- ദേവസ്വം പ്രസിഡ ്

മകരവിളക്ക് മഹോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായി ദേവസ്വം ബോർഡ് പ്രസിഡ ് എ.പത്മകുമാർ പറഞ്ഞു.സന്നിധാനത്ത് വിവിധ വകുപ്പുകളുടെ അവസാനവട്ട അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തവണ ദേവസ്വംബോർഡും സർക്കാർ വകുപ്പുകളും ഹൈക്കോടതി നിയോഗിച്ച നിരീക്ഷക സമിതിയും യോജിപ്പോടെയാണ് പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയത്. തിരുവാഭരണഘോഷയാത്ര ഇന്ന് (ജനുവരി 14) വൈകുന്നേരം ആറുമണിയോടെ പതിനെട്ടാംപടിക്കു മുകളിൽ എത്തും. ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രനും ദേവസ്വം ബോർഡ് അംഗങ്ങളും ചേർന്ന് തിരുവാഭരണം സ്വീകരിക്കും. ആറരയ്ക്കാണ് ദീപാരാധന നടക്കുക. 7.52 നാണ് മകരസംക്രമപൂജയും നെയ്യഭിഷേകവും നടക്കുക. തിരുവാഭരണം കാണാനും മകരജ്യോതി ദർശിക്കാൻ എത്തുന്ന തീർത്ഥാടകർക്ക് കുടിവെള്ളം, ഔഷധ വെള്ളം, ബിസ്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടു ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഒരുക്കങ്ങളും പോലീസും മറ്റ് വകുപ്പുകളും പൂർത്തിയാക്കിയിട്ടു ്. തീർത്ഥാടകരുടെ സുരക്ഷയ്ക്കായി ബാരിക്കേഡുകളുടെ ക്രമീകരണവും

പൂർത്തിയായിട്ടു ്. മകരജ്യോതി ദർശിക്കുന്ന തീർത്ഥാടകർക്ക് സുരക്ഷ നൽകുന്നതിനുവേ ി എൻഡിആർഎഫ്, ആർ.എ.എഫ് എന്നിവ പൂർണ്ണ സജ്ജമാണ്. അപ്പം, അരവണ തുടങ്ങിയ പ്രസാദങ്ങൾ ദേവസ്വംബോർഡ് ആവശ്യത്തിന് കരുതിയിട്ടു ്. ജനുവരി 19വരെ ഭക്തർക്ക് ദർശനം ഉ ാകും. പതിനെട്ടിന് നെയ്യഭിഷേകം അവസാനിക്കും. ഇന്ന് രാവിലെ (ജനുവരി 14) 10 മണിക്ക് ഹരിവരാസനം പുരസ്കാര വിതരണവും നടക്കും. പമ്പയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ടാറ്റാ കമ്പനിയെയും സഹായങ്ങൾ ചെയ്ത് സംഘങ്ങൾ, വ്യക്തികൾ എന്നിവരെ ആദരിക്കും.സന്നിധാനത്ത് ഇത്തവണ ആരോഗ്യവകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിൽ സീസണിൽ 1,86,484 രോഗികൾ പരിശോധനയ്ക്ക് വിധേയമായി. 140 ഹാർട്ട് അറ്റാക്ക് കേസുകളാണ് ഉ ായത്. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ആംബുലൻസും ആംബുലൻസ് ഡ്രൈവർമാരും സദാ ജാഗരൂകരാണ്. മകരസംക്രമ പൂജയ്ക്കുള്ള നെയ്യഭിഷേകം തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്ന് എത്തിക്കുന്ന നെയ് മാത്രം വച്ചായിരിക്കും നിർവഹിക്കുക. ഇതിൻറെ ആടിയ ശിഷ്ടം നെയ്യ് കൊട്ടാരം പ്രതിനിധികൾക്ക് തന്നെ നൽകും. തിരുവിതാംകൂറിന്റെ അവകാശം അതേപടി നിലനിർത്തണമെന്നാണ് ബോർഡ് ആഗ്രഹിക്കുന്നതെന്ന് യോഗത്തിൽ പ്രസിഡന്റ് പറഞ്ഞു. കളഭാഭിഷേകത്തിന് ഉള്ള കളഭം പന്തളം കൊട്ടാരത്തിൽ നിന്നുള്ളത് മാത്രം എടുക്കുമെന്നും പത്മകുമാർ പറഞ്ഞു. ഇവരുടെ അവകാശങ്ങൾ പൂർണമായി പാലിക്കപ്പെടണം. വൈദ്യുതി, വെളിച്ചം, കുടിവെള്ളം എന്നിവ ആവശ്യാനുസരണം ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി എടുത്തതായും യോഗത്തിൽ ഉദ്യോഗസ്ഥർ അറിയിച്ചു.

ദേവസ്വംബോർഡ് അംഗങ്ങളായ കെ.പി.ശങ്കരദാസ്, അഡ്വ.എൻ.വിജയകുമാർ, ദേവസ്വംകമ്മീഷണർ എൻ.വാസു, ചീഫ് എൻജിനിയർ ശങ്കരൻപോറ്റി, സന്നിധാനം പൊലീസ് കൺട്രോളർമാരായ എസ്.സുജിത്ത് ദാസ്, വി.അജിത്ത്, ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഡി.സുധീഷ്കുമാർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു.

(പി.ആർ. ശബരി-459)

## കെട്ടിടങ്ങൾക്ക് മുകളിൽ നിന്ന് മകരജ്യോതി കാണാൻ ശ്രമിക്കരുത്

സന്നിധാനത്ത് കെട്ടിടങ്ങൾക്ക് മുകളിൽ കയറിനിന്ന് മകരവിളക്ക് കാണുന്നതിന് ഭക്തജനങ്ങൾ ശ്രമിക്കരുതെന്ന് ദേവസ്വം ബോർഡ് പ്രസിഡ ് എ പത്മകുമാർ അഭ്യർത്ഥിച്ചു. വലിയ അപകടസാധ്യത കണക്കിലെടുത്താണിത്. കെട്ടിടങ്ങൾക്ക് മുകളിലേക്ക് അയ്യപ്പഭക്തർ കടക്കുന്നത് തടയുന്നതിന് മുകളിലേക്കുള്ള വഴി അടച്ച് ഗാർഡുമാർ താക്കോൽ ലയ്സൺ ഓഫീസറെ ഏൽപ്പിക്കണമെന്ന് നിർദ്ദേശം നൽകി.

(പി.ആർ. ശബരി-460)

## നിലയ്ക്കൽ- പമ്പ സൗജന്യ സർവീസ് പരിഗണനയിൽ- ദേവസ്വം പ്രസിഡ ്

വരുന്ന വിഷു മുതൽ എങ്കിലും നിലയ്ക്കൽ- പമ്പ ബസ് സർവീസ് അയ്യപ്പഭക്തർക്ക് സൗജന്യമായി ഏർപ്പെടുത്തുന്നതിനെ കുറിച്ച് ദേവസ്വംബോർഡ് ഗൗരവമായി ആലോചിച്ചു വരുന്നതായി ബോർഡ് പ്രസിഡ ് എ.പത്മകുമാർ പറഞ്ഞു. സന്നിധാനത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനായി ചില സംഘടനകളുമായി ദേവസ്വംബോർഡ് ചർച്ച നടത്തിവരികയാണെന്നും സീസണിൽ മാത്രമായിട്ടാണ് ആദ്യഘട്ടത്തിൽ ഇത് പരിഗണിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. തിരുപ്പതി മാതൃകയാണ് ഇക്കാര്യത്തിൽ ദേവസ്വംബോർഡ് ആലോചിക്കുന്നത്. പമ്പയിൽ വെള്ളപ്പൊക്കം ബാധിക്കാത്ത വിധത്തിലുള്ള പാലം നിർമ്മിക്കുന്നതിന്റെ ചർച്ച നടന്നുവരുകയാണ്. ചെങ്ങന്നൂർ ക്ഷേത്രത്തിനു സമീപവും അടുത്തുള്ള കുന്നത്ത് ക്ഷേത്രത്തിലും ഭക്തർക്ക് വിരി വയ്ക്കുന്നതിനും മറ്റും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പതിനെട്ടുകോടി 73 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയാണ്. ആറന്മുള ക്ഷേത്രത്തിൽ നാലു കോടിയുടെ നിർമാണ പ്രവർത്തികൾ നടന്നുവരുന്നു. കൂടാതെ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ര ു ഊട്ടുപുരകൾ കൂടി പണിയുകയാണ്. അടുത്തവർഷം ഇവിടെ 15,000 പേർക്ക് വിരി വയ്ക്കാൻ സൗകര്യമൊരുക്കാനാണ് ബോർഡ് നടപടികൾ സ്വീകരിക്കുന്നത്. ഇടത്താവളങ്ങളിൽ വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ദേവസ്വം ബോർഡും സർക്കാരും ചേർന്ന് നടപടികളെടുത്തുവരുകയാണ്.കേരളത്തിൽ 50 കിലോമീറ്ററിന് ഒരു ഇടത്താവളം എന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ആരംഭിക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ട ഉദ്ഘാടനം ഫെബ്രുവരിയിൽ ചെയ്യുമെന്ന് ദേവസ്വം പ്രസിഡ ് പറഞ്ഞു. അടുത്ത മാർച്ച് മാസത്തോടെ ശബരിമലയിൽ ചെയ്യേ അടിയന്തര കാര്യങ്ങൾ സംബന്ധിച്ച് ഒരു ധാരണയിലെത്താൻ ആണ് ബോർഡ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-461)

## വരുമാനം സംബന്ധിച്ച ആശങ്ക ബോർഡിനില്ല

ശബരിമലയുമായി ബന്ധപ്പെട്ടുള്ള ചില കുപ്രചരണങ്ങളുടെ ഭാഗമായി വരുമാനത്തിൽ ഏതെങ്കിലും വിധത്തിൽ കുറവുവന്നാലും അതെല്ലാം പരിഹരിക്കുവാൻ സംസ്ഥാനസർക്കാർ കൂടെയു ന്ന ഉത്തമവിശ്വാസം തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടെന്ന് ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ മാധ്യമങ്ങളോട് പറഞ്ഞു. എത്ര തുക കുറവു ായാലും ദേവസ്വം ബോർഡ് ജീവനക്കാർക്കും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഒരു കുഴപ്പവും വരാതെ ബോർഡ് നോക്കും. പല വികസന

പ്രവർത്തനങ്ങൾക്കും ബോർഡിൻറെ തുകയല്ല, സംസ്ഥാന സർക്കാർ വലിയ തോതിൽ പണം നൽകിയിട്ടാണ് നടന്നുവരുന്നത്. നിലയ്ക്കൽ വാട്ടർടാങ്കിന് 108 കോടി രൂപയാണ് ചെലവഴിക്കുന്നത്. ഇതിനകം 308 കോടി രൂപ സർക്കാർ ചെലവഴിച്ചു. ശബരിമലയെ കോൺക്രീറ്റ് കാട് ആക്കാൻ ആഗ്രഹിക്കുന്നില്ല. ശബരിമലക്ഷേത്രം കാനന ക്ഷേത്രമായി തന്നെ തുടരണമെന്നാണ് ബോർഡിന്റെ ആഗ്രഹമെന്നും അദ്ദേഹം വ്യക്തമാക്കി. ശബരിമലയുമായി ബന്ധപ്പെട്ട ആചാരങ്ങൾ പലതും നിലനിർത്താനാണ് ബോർഡ് ശ്രമിക്കുന്നതെന്ന് പ്രസിഡൻറ് പറഞ്ഞു. യുവതി പ്രവേശം സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും കോടതി വിധി വന്നതിനു ശേഷം രമ്യമായി പരിഹരിക്കാൻ കഴിയും. മുമ്പ് ശബരിമല ഭക്തർ ദർശനം നടത്തിയിരുന്നത് ഭസ്മക്കുളത്തിൽ കുളിച്ചതിനുശേഷം ആയിരുന്നു. ഇന്ന് അതില്ല. അത് കുഴിക്കാൻ ബോർഡ് തീരുമാനിച്ചിട്ടു ്. മണിക്കിണർ തുറക്കുന്നതിനെ കുറിച്ചും ബോർഡ് ആലോചിച്ചു വരികയാണെന്ന് പത്മകുമാർ പറഞ്ഞു. പത്രസമ്മേളനത്തിൽ ബോർഡ് അംഗങ്ങളായ കെ.പി.ശങ്കരദാസ്, അഡ്വ.എൻ.വിജയകുമാർ, ദേവസ്വം കമ്മീഷണർ എൻ.വാസു, ചീഫ് എൻജിനിയർ ശങ്കരൻപോറ്റി എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി-462)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 13 | 2019 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### *മകരവിളക്ക് ഇന്ന്, സന്നിധാനം ഭക്തിയുടെ നിറവിൽ*

ശബരിമല അയ്യപ്പ സന്നിധിയിലെ മകരവിളക്ക് ഇന്ന് (ജനുവരി 14ന് ) നടക്കും. ഭക്തിനിർഭരമായ മകരവിളക്ക് ദർശനത്തിന് മണിക്കൂറുകൾ ശേഷിക്കേ ശബരിമല അയ്യപ്പസന്നിധിയിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്. മകരവിളക്ക് ദർശിക്കാൻ സന്നിധാനത്ത് അയ്യപ്പ ഭക്തർ ശരണമന്ത്രങ്ങളുമായി കാത്തിരിപ്പിലാണ്. സന്നിധാനത്ത് മകരജ്യോതി ദർശിക്കാൻ സാധിക്കുന്ന എല്ലാ സ്ഥലങ്ങളും അയ്യപ്പൻമാരെക്കൊണ്ട് നിറഞ്ഞുകഴിഞ്ഞു. രണ്ട് ദിവസം മുമ്പുതന്നെ പർണശാലകൾ കെട്ടി വിശിഷ്ടമായ ജ്യോതി ദർശനത്തിന് തയ്യാറായിരിക്കയാണ് ഭക്തർ. തന്ത്രി കണ്ഠരര് രാജീവരുടെ നേതൃത്വത്തിൽ മകരവിളക്കിന് മുന്നോടിയായുള്ള ശുദ്ധിക്രിയകൾ നടന്നു. ഇന്നലെ (ജനുവരി 13) ഉച്ചപൂജയോടനുബന്ധിച്ച് ബിംബ ശുദ്ധിക്രിയ നടന്നു. പന്തളം കൊട്ടാരത്തിൽ നിന്ന് കൊണ്ടുവരുന്ന തിരുവാഭരണം ഇന്ന് (ജനുവരി 14) വൈകിട്ട് ആറരയോടുകൂടി അയ്യപ്പസന്നിധിയിൽ എത്തും. തുടർന്ന് തിരുവാഭരണം ചാർത്തി ദീപാരാധന നടക്കും. മകരജ്യോതിദർശനം ദീപാരാധനയോട് അനുബന്ധിച്ചായിരിക്കും. തിരുവാഭരണം ചാർത്തിയുള്ള ദീപാരാധനയ്ക്ക് ശേഷം ഏറ്റവും വിശേഷപ്പെട്ട മകരസംക്രമ പൂജ നടക്കും. ഈ പൂജ 7.52നാണ് നടക്കുക. പൂജയുടെ മധ്യത്തിൽ തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്ന് കൊണ്ടുവരുന്ന നെയ്ത്തേങ്ങ പൊട്ടിച്ച് അഭിഷേകം ചെയ്യും.

***(പി.ആർ. ശബരി-463)***

## *അയ്യപ്പനെക്കാണാൻ തൊള്ളായിരത്തോളം കിലോമീറ്റർ താണ്ടി കർണാടക സംഘം*

ശരണമന്ത്രങ്ങളുമായി തൊള്ളായിരത്തോളം കിലോമീറ്ററുകൾ താണ്ടി ഇക്കുറിയും കർണ്ണാടകയിൽ നിന്നുള്ള തീർത്ഥാടക സംഘം എത്തി. കർണ്ണാടകയിലെ ഷിമോഗാ ജില്ലയിൽ നിന്നുള്ള 17 പേരാണ് കാൽനടയായി ഇത്രയും കിലോമീറ്ററുകൾ താണ്ടി സന്നിധാനത്ത് എത്തിയത്. തുടർച്ചയായി 18 വർഷം കാൽനടയായി ശബരിമല ദർശനത്തിന് എത്തണമെന്നാണ് സംഘത്തിന്റെ ആഗ്രഹം. ഇവരുടെ 11ാമത്തെ തീർത്ഥാടനമാണിത്. ഡിസംബർ 14ന് പുറപ്പെട്ട സംഘം ജനുവരി 10നാണ് പമ്പയിലെത്തിയത്. സന്നിധാനത്ത് എത്തിയ ഇവർ ദർശനം കഴിഞ്ഞ് മകരജ്യോതിയും കണ്ടാണ് മടങ്ങുക. സന്നധാനത്ത് കൊപ്രാക്കളത്തിന് സമീപം സംഘം പർണശാല കെട്ടുകയും ചെയ്തു. രാഘവേന്ദ്ര സ്വാമി, കുമാർ സ്വാമി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘത്തിൽ ഇക്കുറി അഞ്ച് കന്നി സ്വാമിമാരുമുണ്ട്.

പ്ലംബർമാർ, ബസ്ജീവനക്കാർ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളവർ ഈ സംഘത്തിലുണ്ട്. കാസർഗോഡ്, പാലക്കാട് ജില്ലകളിലൂടെ പ്രധാനക്ഷേത്രങ്ങളിലും ഇടത്താവളങ്ങളിലും തങ്ങിയാണ് ഇവർ ഒരു മാസം കൊണ്ട് ഇവർ പമ്പയിലെത്തിയത്. നാളെ മലയിറങ്ങുന്ന ഇവർ ട്രെയിൻമാർഗം നാട്ടിലെത്തും. സന്നിധാനത്ത് തീർത്ഥാടകർക്കായി ഒരുക്കിയ സജ്ജീകരണങ്ങളിൽ തൃപ്തനാണെന്ന് പറഞ്ഞ ദേവൽ നായിക് എന്ന ഭക്തൻ സൗജന്യകുടിവെള്ള വിതരണവും ആശുപത്രി സൗകര്യങ്ങളും ഉപകാരപ്രദമാണെന്നും ചൂണ്ടിക്കാട്ടി.

***(പി.ആർ. ശബരി-464)***

## *നെയ്തേങ്ങയുമായി കവടിയാർ കൊട്ടാരത്തിൽ നിന്നും കന്നി അയ്യപ്പനെത്തി*

ഇന്ന് (ജനുവരി 14) രാത്രി 7.52ന് നടക്കുന്ന മകരസംക്രമ അഭിഷേകത്തിനുള്ള നെയ്തേങ്ങയുമായി കവടിയാർ കൊട്ടാരത്തിന്റെ പ്രതിനിധിയായ കന്നി അയ്യപ്പൻ സന്നിധാനത്ത് എത്തി. മകരസംക്രമ പൂജയിൽ അയ്യപ്പന് അഭിഷേകം നടത്തുന്നത് തിരുവനന്തപുരം കവടിയാർ കൊട്ടാരപ്രതിനിധിയുടെ നെയ്തേങ്ങ ഉപയോഗിച്ചാണ്. ഇന്ന് (ജനുവരി 14) വൈകീട്ട് ഇത് തന്ത്രിക്ക് കൈമാറും.

തിരുവിതാംകൂർ രാജസ്ഥാനീയൻ ശ്രീമൂലം തിരുനാൾ രാമവർമ്മ കൊടുത്തയച്ച നെയ്തേങ്ങയുമായി എത്തിയ മൂന്നംഗ സംഘത്തിലെ ഇത്തവണത്തെ കന്നി അയ്യപ്പൻ 19 വയസ്സുകാരൻ അഭിരാം കൃഷ്ണയാണ്. ഗുരുസ്വാമി രാമനാഥന്റെ നേതൃത്വത്തിലാണ് സംഘം എത്തിയത്. പത്മനാഭസ്വാമി ക്ഷേത്ര ജീവനക്കാരനായ രാമനാഥനാണ് കഴിഞ്ഞ 28 വർഷമായി കന്നി അയ്യപ്പനുമായി എത്തുന്ന സംഘത്തെ നയിക്കുന്നത്. പൂജകൾക്ക് ശേഷം 15ന് വൈകീട്ട് പ്രസാദവുമായി സംഘം കൊട്ടാരത്തിലേക്ക് പോകും.

***(പി.ആർ. ശബരി-465)***

## *സുദർശനം വയോജന തീർത്ഥാടന സൗഹൃദ കേന്ദ്രത്തിൽ തിരക്കേറുന്നു*

മണ്ഡല മകരവിളക്ക് ഉത്സവത്തിനോടനുബന്ധിച്ച് വയോജന തീർത്ഥാടകർക്കായി സാമൂഹിക നീതി വകുപ്പ് സജീകരിച്ച സൗഹൃദ കേന്ദ്രമായ സുദർശനത്തിൽ തീർത്ഥാടകരുടെ വൻ തിരക്ക്. തീർത്ഥാടനത്തിനെത്തുന്ന വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിന് സൗജന്യമായി കിടക്കകളും, വീൽ ചെയറുകളും, കുടിവെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങളും സുദർശനത്തിൽ ലഭ്യമാണ്. കൂടാതെ ഡോളി സൗകര്യമാവശ്യമുള്ള മുതിർന്ന പൗരന്മാർക്ക് 1500 രൂപ വരെ വകുപ്പ് സഹായവും നൽകുന്നു. പമ്പയിലും നിലയ്ക്കലുമായി രണ്ട് സുദർശന കേന്ദ്രങ്ങളാണ് പ്രവൃത്തിക്കുന്നത്.

ശബരിമലയിൽ ദർശനത്തിനായി എത്തുന്ന വയോജനങ്ങൾക്ക് ആശ്വാസ കേന്ദ്രം എന്ന നിലയിലാണ് ജില്ലാ ഭരണകൂടവും, സാമൂഹിക നീതി വകുപ്പും, തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി സുദർശനം പദ്ധതി നടപ്പിലാക്കുന്നത്. സുദർശനം പദ്ധതിയുടെ ഉത്ഘാടനം റാന്നി എം എൽ എ രാജു എബ്രഹാം നിലയ്ക്കലിൽ നിർവഹിച്ചു. വയോജനങ്ങൾക്കായുള്ള സുദർശനം പദ്ധതിയുടെ സൗജന്യ സേവനങ്ങൾ തീർത്ഥാടകർ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് എം.എൽ.എ പറഞ്ഞു. റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ മധു അധ്യക്ഷത വഹിച്ച ചടങ്ങിൽ പത്തനംതിട്ട ജില്ലാ സാമൂഹിക നീതി ഓഫീസർ എൽ .ഷീബ, ജില്ലാ സാമൂഹിക നീതി ഓഫീസ് സീനിയർ സൂപ്രണ്ട് ഷംലാബീഗം, വാർഡ് മെമ്പർ രാജൻ തുടങ്ങിയവർ പങ്കെടുത്തു.

***(പി.ആർ. ശബരി-466)***

## *ഹരിവരാസന പുരസ്കാര വിതരണം ഇന്ന് മന്ത്രി നിർവഹിക്കും*

സംസ്ഥാന സർക്കാരിന്റെ 2018 ലെ ഹരിവരാസന പുരസ്കാരം പ്രശസ്ത ഗായിക പി സുശീലയ്ക്ക് സമ്മാനിക്കും. ജനുവരി 14 രാവിലെ ഒൻപതിന് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം ഗായിക പി സുശീലയ്ക്ക് സമ്മാനിക്കും. രാജു എബ്രഹാം എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, മെമ്പർമാരായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ തുടങ്ങിയവർ പങ്കെടുക്കും.

***(പി.ആർ. ശബരി-467)***

## ഇന്ന് രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍

ശബരിമല തീര്‍ഥാടനത്തോടനുബന്ധിച്ച് ഇന്ന് ( ജനുവരി 14ന്) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍: ജാസ്മിന്‍ മെഡിക്കല്‍സ് പത്തനംതിട്ട, ഫാമിലി മെഡിക്കല്‍സ് കോന്നി, പൂലൂര്‍ ഡ്രസ് ഹൗസ് കോഴഞ്ചേരി, ഹോളിക്രോസ് ഹോസ്പിറ്റല്‍ അടൂര്‍, മംഗലശേരില്‍ ഡ്രസ് ഹൗസ് കുളനട പന്തളം, ജയ മെഡിക്കല്‍സ് കാവുംഭാഗം തിരുവല്ല, കാരുണ്യ മെഡിക്കല്‍മിഷന്‍ ഹോസ്പിറ്റല്‍, നീതി മെഡിക്കല്‍ സ്റ്റോര്‍ പെരുനാട്.

*(പി.ആര്‍. ശബരി-468)*

## ശബരിമലയില്‍ ഇന്ന് (14.01.19)

പുലര്‍ച്ചെ 3ന് നട തുറക്കല്‍
3.05ന് നിര്‍മാല്യം
3.15 മുതല്‍ ഉച്ചയ്ക്ക് 12 വരെ നെയ്യഭിഷേകം
7.30ന് ഉഷപൂജ
8.30ന് അഷ്ടാഭിഷേകം
12.30ന് കളഭാഭിഷേകം/ ഉച്ചപൂജ
1ന് നട അടയ്ക്കല്‍
വൈകീട്ട് 3ന് നടതുറക്കല്‍
6.30ന് ദീപാരാധന
രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കല്‍
വൈകിട്ട് 7.52 നാണ് മകരസംക്രമ പൂജ നടക്കുക.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 13 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidhanam2019@gmail.com

### *തിരുവാഭരണ ഘോഷയാത്ര ഇന്ന് സന്നിധിയിൽ*

കലിയുഗവരദന് മകരവിളക്കിന് അണിയാനുള്ള തിരുവാഭരണങ്ങളുമായുള്ള ഘോഷയാത്ര ഇന്ന് (ജനുവരി 14ന്) സന്നിധാനത്ത് എത്തിച്ചേരും. പന്തളം വലിയകോയിക്കൽ ധർമ്മശാസ്താക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട തിരവാഭരണ ഘോഷയാത്ര മകരവിളക്ക് ദിവസമായ ജനുവരി 14ന് പുലർച്ചെ 3ന് ളാഹയിൽ നിന്നും പുറപ്പെട്ട് വലിയാനവട്ടം, ചെറിയാനവട്ടം വഴി നീലിമ ല കയറി അപ്പാച്ചിമേട് വഴി വൈകുന്നേരം 5 മണിയോടെ ശരംകുത്തിയിലെത്തും. അവിടെനിന്ന് ദേവസ്വംബോർഡ് ആചാരപൂർവ്വം തിരുവാഭരണം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ ഉൾപ്പടെയുള്ള ദേവസ്വംബോർഡ് നിയോഗിച്ചിട്ടുള്ള ജീവനക്കാരാണ് ശരംകുത്തിയിൽ തിരുവാഭരണ ഘോഷയാത്ര സ്വീകരിച്ച് ആനയിക്കുക.

തിരുവാഭരണപേടകം പതിനെട്ടാംപടിയ്ക്ക് മുകളിൽ കൊടിമരച്ചുവട്ടിൽ ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ, ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ബോർഡ് അംഗങ്ങളായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ, ഹൈക്കോടതി നിരീക്ഷക സമിതിയംഗങ്ങളായ ജസ്റ്റിസ് പി.ആർ. രാമൻ, എസ്. സിരിജഗൻ, ഡി.ജി.പി. എ. ഹേമചന്ദ്രൻ, ദേവസ്വംബോർഡ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്വീകരക്കും.

ശ്രീകോവിലേക്ക് ആചാരപൂർവ്വം ആനയിക്കുന്ന തിരുവാഭരണ പേടകം തന്ത്രി കണ്ഠരര് രാജീവരും മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരിയും ഏറ്റുവാങ്ങി അയ്യപ്പസ്വാമിക്ക് ചാർത്തും. തുടർന്ന് ദീപാരാധന നടക്കും.

*(പി.ആർ. ശബരി-469)*

## *മകരവിളക്കിന് കെ.എസ്.ആർ.ടി.സിയും സുസജ്ജം*

*** മകരവിളക്ക് കഴിഞ്ഞാലുടൻ 500 ഓളം ചെയിൻ സർവീസുകൾ**
*** ഓവർടേക്കിംഗ് പാടില്ലെന്ന് പ്രത്യേക നിർദേശം**

ശബരിമല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് കാര്യക്ഷമമായ രീതിയിൽ സർവീസ് നടത്താൻ സുസജ്ജമായി കെ.എസ്.ആർ.ടി.സി. തീർത്ഥാർടകർക്ക് ഒരു തരത്തിലും ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലാണ് സർവീസുകൾ ക്രമീകരിച്ചിരിക്കുന്നത്. മകരവിളക്കു കഴിയുന്ന അതേസമയം തന്നെ പമ്പയിൽ നിന്നും സർവീസുകൾ ആരംഭിക്കും. ഉച്ചയ്ക്കു രണ്ടു മണിക്കുശേഷം നിലയ്ക്കൽ നിന്നും പമ്പയിലേക്ക് ബസ് സർവീസുകൾ നടത്തരുതെന്ന് പോലീസ് കെ.ആർ.ടി.സിയെ അറിയിച്ചിട്ടുണ്ട്. മകരവിളക്ക് പൂർത്തിയാകുന്ന ഉടൻതന്നെ 500 ഓളം ചെയിൻ സർവീസുകൾ നടത്തുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും കെ.എസ്.ആർ.ടി.സി പൂർത്തിയാക്കിയിട്ടുണ്ട്.

മകരവിളക്കിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 1200 ഓളം ബസുകൾ കെ.എസ്.ആർ.ടി.സി കരുതിയിട്ടുണ്ട്. ആവശ്യമെന്നു കണ്ടാൽ മകരവിളക്കിനു ശേഷം കൂടുതൽ ചെയിൻ സർവീസുകൾ നടത്താനുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ടെന്നും തീർത്ഥാടകർക്ക് സഹായത്തിനായി ഓരോ ഡ്യൂട്ടി പോയിന്റിലും ഉദ്യോഗസ്ഥരുണ്ടാകുമെന്നും സ്പെഷ്യൽ ഓഫീസർ ജി. ആനിൽകുമാർ അറിയിച്ചു.

പമ്പയിൽ നിന്നും നിലയ്ക്കലേക്ക് വരുന്ന ബസുകൾ ഗോപുരം ജംഗ്ഷൻ - ത്രിവേണി വഴിയാണ് സർവീസ് നടത്തുക. അടിയന്തിര ഘട്ടത്തിൽ സർവീസ് നടത്താൻ ടോൾ പോയിന്റിന് സമീപം വഴി പ്രത്യേകം റൂട്ടും തയ്യാറായിട്ടുണ്ട്. സർവീസുകൾ ഏകോപിക്കാനായി വിവിധ ഉദ്യോഗസ്ഥരെ ഉൾപ്പെടുന്ന ടീമിനെ ചുമതലപ്പെടുത്തി. അടിയന്തിര സാഹചര്യത്തിൽ ഡ്യൂട്ടി ചെയ്യാൻ ഉദ്യോഗസ്ഥർ തയാറായിരിക്കണമെന്നും നിർദേശമുണ്ട്.

മകരവിളക്ക് ദിവസം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കാനായി ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദേശങ്ങളും കെ.എസ്.ആർ.ടി.സി നൽകി. നിലയ്ക്കൽ - പമ്പ റൂട്ടിൽ സർവീസ് നടത്തുന്ന ഒരു ബസും ഓവർടേക്കിംഗ് ചെയ്യാൻ പാടില്ല.

*(പി.ആർ. ശബരി-470)*

## *പുണ്യം പൂങ്കാവനം ദിനാഘോഷം ഇന്ന്(ജനുവരി 14)*

ശബരിമല പുണ്യം പൂങ്കാവനം ദിനാഘോഷം ഇന്ന് രാവിലെ എട്ടുമണിക്ക് സന്നിധാനം വലിയനടപ്പന്തലിലുള്ള ശ്രീ അയ്യപ്പാ ഓഡിറ്റോറിയത്തിൽ നടക്കും.

***(പി.ആർ. ശബരി-471)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 13 | 2019 |

## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com

## തിരുത്ത്

ഇന്നത്തെ രണ്ടാമത്തെ പത്രക്കുറിപ്പിൽ ശബരിമലയിലെ മകരവിളക്കുദിവസത്തെ പൂജാ സമയത്തിൽ വ്യത്യാസമുണ്ട്. ശബരിമലയിൽ ഇന്ന് എന്ന വാർത്ത മാത്രം തിരുത്തി അയക്കുന്നു. ഇതാണ് ഉപയോഗിക്കേണ്ടത്.

-ഇൻഫർമേഷൻ ഓഫീസർ സന്നിധാനം

### ശബരിമലയിൽ ഇന്ന് (14.01.19)

പുലർച്ചെ 3ന് നട തുറക്കൽ
3.05 ന് നിർമാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12 വരെ നെയ്യഭിഷേകം
7.30ന് ഉഷപൂജ
8.30ന് അഷ്ടാഭിഷേകം
12.30ന് കളഭാഭിഷേകം/ ഉച്ചപൂജ
1ന് നട അടയ്ക്കൽ
വൈകീട്ട് 5ന് നടതുറക്കൽ
6.30ന് ദീപാരാധന
7.52ന് മകരസംക്രമ പൂജ

രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ

